

കേന്ദ്ര സാഹിത്യ അക്കാദമിയും ഫാത്തിമ മാതാ നാഷനൽ കോളജും ചേർന്നു നടത്തിയ തിരുനല്ലൂർ കരുണാകരൻ ജന്മശതാബ്ദിയുടെ ഭാഗമായുള്ള സിംപോസിയം എഴുത്തുകാരൻ കൽപറ്റ നാരായണൻ ഉദ്ഘാടനം ചെയ്യുന്നു.

# തിരുനല്ലൂർ കാലത്തിന്റെ പ്രസരിപ്പ് ആവാഹിച്ച കവി: കൽപറ്റ നാരായണൻ

കൊല്ലം ● രാഷ്ട്രീയ മാറ്റൊലികൾക്ക് അപ്പുറം നിലനിൽക്കുന്ന കവിതകളാണ് തിരുനല്ലൂർ കരുണാകരന്റേതെന്ന് കവിയും നിരൂപകനുമായ കൽപറ്റ നാരായണൻ.

കേന്ദ്ര സാഹിത്യ അക്കാദമിയും ഫാത്തിമ മാതാ നാഷനൽ കോളജും സംയുക്തമായി സംഘടിപ്പിച്ച തിരുനല്ലൂർ കരുണാകരൻ ജന്മശതാബ്ദി ദേശീയ സിംപോസിയം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാൾ മാർക്സിനെയും കാളിദാസനെയും മലയാളത്തിൽ ഒരു പോലെ സ്വാംശീകരിച്ച മഹാനായ എഴുത്തുകാരനാണ് തിരുനല്ലൂർ. കാലത്തിന്റെ ചൂടും ചൊടിയും പ്രസരിപ്പും തീവ്രതയും ആവാഹിക്കാൻ തിരുനല്ലൂർ കരുണാകരന്റെ കവിതകൾക്ക് സാധിച്ചിട്ടുണ്ട്.

സാഹിത്യനിരൂപകൻ പ്രസന്ന രാജൻ പ്രഭാഷണം നടത്തി. കോളജ് പ്രിൻസിപ്പൽ ഡോ.സിന്ധ്യ കാതറിൻ അധ്യക്ഷത വഹിച്ചു. കേന്ദ്ര സാഹിത്യ അക്കാദമി ഉപദേശക സമിതി അംഗങ്ങളായ ഡോ.ടി.കെ. സന്തോഷ്കുമാർ, ഡോ.സാബു കോട്ടുക്കൽ, കോളജ് മാനേജർ ഫാ.അഭിലാഷ് ഗ്രിഗറി, ടി.കെ.വിനോദൻ, വൈസ് പ്രിൻസിപ്പൽ ഡോ.എം.ആർ.ഷെല്ലി, അസിസ്റ്റന്റ് പ്രഫ.ഡോ.സുധീഷ് സാം എന്നിവർ പ്രസംഗിച്ചു. സമാപനസമ്മേളനം മാധ്യമ പ്രവർത്തകനും എഴുത്തുകാരനുമായ ബൈജു ചന്ദ്രൻ ഉദ്ഘാടനം ചെയ്തു.

വി.ടി. കുരീപ്പുഴ അധ്യക്ഷത വഹിച്ചു. തിരുനല്ലൂർ കരുണാകരന്റെ രചനാ ലോകത്തെപ്പറ്റി ഡോ. എൽ.തോമസ്കുട്ടി, ഷീജ വക്കം, ഡോ.ആർ.ശ്രീലതാ വർമ, ഡോ.കെ.ബി.ശെൽവമണി, ഡോ.നിത്യ പി. വിശ്വം എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.